പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 5577 — 27.03.2018 ൽ മറുപടിയ്ക്ക്

## അഹാഡ്സ്

**ചോദ്യം**

**ശ്രീ. കെ. സി. ജോസഫ്:**

എ) അഹാഡ്സ് (അട്ടപ്പാടി ഹിൽ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി) ന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; അഹാഡ്സ് ഇപ്പോൾ നിലവിൽ ഉണ്ടോ;

ബി) ഇല്ലെങ്കിൽ അഹാഡ്സ് ആരംഭിച്ച പദ്ധതികളുടെ തുടർ ചുമതല ആരാണ് നിർവഹിക്കുന്നതെന്ന് വ്യക്തമാക്കാമോ;

സി) കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ച അഹാഡ്സ്-ന്റെ തുടർ പദ്ധതിയായ അഹാഡ്സ് - സി.സി.പി.ആർ.എം നിലവിൽ ഉണ്ടെന്നറിയിക്കാമോ; അതിന്റെ ഭരണ ചുമതല ആർക്കാണ് എന്നറിയിക്കാമോ;

ഡി) അഹാഡ്സ്-ന്റെ കേന്ദ്ര ഓഫീസും അനുബന്ധ കെട്ടിടങ്ങളും സൗകര്യങ്ങളും, ഇപ്പോൾ ആരുടെ നിയന്ത്രണത്തിലാണെന്നും അവിടെ നടക്കുന്ന പ്രവർത്തികൾ എന്തെല്ലാമെന്നും വെളിപ്പെടുത്തുമോ?

**മറുപടി**

**ഡോ. കെ. ടി. ജലീൽ**
**(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

എ) 22.02.2014 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നം. 47/2014/തസ്വഭവ പ്രകാരം അഹാഡ്സ് എന്ന സ്ഥാപനത്തെ അഹാഡ്സ്-സി.സി.പി.ആർ.എം എന്ന സ്ഥാപനമായി മാറ്റുകയുണ്ടായി. അഹാഡ്സ് ഇപ്പോൾ നിലവിൽ ഇല്ല.

(ബി) & (സി) & (ഡി) 16.03.2017 ലെ സർക്കാർ ഉത്തരവ് (കൈ) നം.57/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അഹാഡ്സ്-സി.സി.പി.ആർ.എം നെ ഉപാധികളില്ലാതെ 'കില'യിൽ ലയിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ അഹാഡ്സ് ആരംഭിച്ച തുടർ പദ്ധതികൾ 'കില'യാണ് നിർവഹിക്കുന്നത്. 18.08.2016 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2463/2016/തസ്വഭവ പ്രകാരം അഹാഡ്സിന്റെ കെട്ടിടവും മറ്റു സൗകര്യങ്ങളും പ്രയോജനപ്പെടുത്തി 'കില'യുടെ റിജീയണൽ സെന്ററാക്കി മാറ്റുന്നതിന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 2016 ഒക്ടോബർ മുതൽ പ്രസ്തുത സെന്ററിൽ കിലയുടെ നേതൃത്വത്തിൽ പരിശീലനങ്ങൾ നടന്നു വരുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

- പ്രകൃതി വിഭവ പരിപാലനവും ആദിവാസി വികസനവുമായി ബന്ധപ്പെട്ട Centre for Tribal Development & Natural Resource Management-(CTDNRM) പ്രവർത്തിച്ചു വരുന്നു.

- അഹാഡ്സിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയിരുന്ന വിവിധ പരി പാടികൾ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമം നടന്നു വരുന്നു. അതിൻ പ്രകാരം ഊരു വികസന സമിതി കളുടെയും മറ്റ് ജനകീയ സമിതികളുടെയും പുനർശാക്തീ കരണത്തിന് നടപടി ആരംഭിച്ചു.
- അഞ്ചാം ക്ലാസിൽ പഠിക്കുന്ന ആദിവാസി വിദ്യാർത്ഥികൾക്ക് ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രത്യേക പഠന പ്രവർത്തനങ്ങൾ, മറ്റ് സ്ഥാപനങ്ങളുടെയും സഹായ ത്താൽ നടത്തി വരുന്നു. ഇതി ലൂടെ നിരവധി ആദിവാസി വിദ്യാർ ത്ഥികളെ സൈനിക സ്ക്കൂളു കളിലും നവോദയ തുടങ്ങിയ വിദ്യാലയങ്ങളിലും പ്രവേശനം ലഭിക്കാൻ സന്നദ്ധരാക്കുന്നു.
- അട്ടപ്പാടി മേഖലയിലെ എല്ലാ അങ്കണവാടി വർക്കർമാർക്കും കുട്ടികളുടെ കൗമാര ക്ലബുകളുടെ (ആൺ-പെൺ) ശാക്തീകരണം സംബന്ധിച്ച് രണ്ട് തവണ പരിശീലനം നൽകി. കൂടാതെ, ഓരോ കൗമാര ക്ലബിലെയും രണ്ട് വീതം കുട്ടികൾക്ക് നേതൃത്വ പരിശീലനം രണ്ട് തവണ നൽകുകയുണ്ടായി.
- അട്ടപ്പാടി ബ്ലോക്ക് പഞ്ചായ ത്തിന് കീഴിൽ വരുന്ന അഗളി, പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളെ ബാല സൗഹൃദ ഇടപെടലുകൾക്കായി തെരഞ്ഞെടുക്കുകയും നിരന്തര തുടർ പ്രവർത്തനം നടത്തി വരികയും ചെയ്യുന്നു.
- കമ്പ്യൂട്ടർ പഠന കേന്ദ്രം പ്രവർ ത്തിച്ചു വരുന്നു.ആദിവാസിമേഖല യിലെ വിദ്യാസമ്പന്നരായ യുവജന ങ്ങൾ തന്നെയാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്.

- കുടുംബശ്രീ പ്രവർത്തനങ്ങളുടെ കേന്ദ്രവും, ദേശീയ ഗ്രാമീണ ഉപ ജീവനദൗത്യം (NRLM) പ്രവർത്തന ങ്ങളുടെ കേന്ദ്രവും ഇവിടെ പ്രവർത്തിച്ചു വരുന്നു.

- പ്രകൃതി വിഭവ പരിപാലനത്തിന്റെ ഭാഗമായി നീർത്തടാധിഷ്ഠിത ആസൂ ത്രണ പ്രവർത്തനങ്ങൾക്കായുള്ള പരിശീലനം നടന്നു വരുന്നു.
- അട്ടപ്പാടി മേഖലയിലെ പഞ്ചായ ത്തുകളുടെ വാർഷിക പദ്ധതി രൂപീകരണത്തിൽ ആദിവാസി വികസനം ഉറപ്പുവരുത്തുവാനുള്ള പ്രത്യേക പരിശീലനം നടന്നു വരുന്നു.
- കാലാവസ്ഥ വ്യതിയാനം, പഞ്ചായത്ത് രാജ് പ്രവർത്തന ങ്ങൾ തുടങ്ങിയവയുമായി ബന്ധ പ്പെട്ട വിവിധ പരിശീലനങ്ങളും നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ